കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കായണ്ണ ഗ്രാമ പഞ്ചായത്ത്

2015-16

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: ddlfakkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി./പി.4/1943/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇ-മെയിൽ -dokkd.ksad@kerala.gov.in
വെബ് -www.lfa.kerala.gov.in
ഫോൺ -0495 2371012
തീയതി. 02.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)
കായണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കായണ്ണ ഗ്രാമപഞ്ചായത്ത് - 2015- 16സാമ്പത്തിക വർഷത്തെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015- 16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും ഭാഗം 3ലേയും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി./പി.4/1943/16 തിയ്യതി: 02.11.2016

## കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-07-2016 മുതൽ 07-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും 2016 ആഗസ്റ്റ് മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | എ.കെ.ബാലസുബ്രഹ്മണ്യൻ | ഓഡിറ്റ് ഓഫീസർ |
| 2 | സി.വി.പ്രശാന്ത് | അസി.ഓഡിറ്റ് ഓഫീസർ |
| 3 | സതീഷ് കുമാർ.സി.പി | അസി.ഓഡിറ്റ് ഓഫീസർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീ എ.എം.രാമചന്ദ്രൻ 01-04-2015മുതൽ 31-10-2015 വരെ

ശ്രീമതി.പത്മജ.എൻ 01-10-2015മുതൽ 31-03-2016 വരെ

സെക്രട്ടറി

ശ്രീ നാരായണൻ.പി 01-04-2015മുതൽ 22-07-2015 വരെ

ശ്രീ ആനന്ദൻ.ടി.ടി 23-07-2015മുതൽ 31-03-2016 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ | ജംഷീർ.ഇ | 01-04-2015മുതൽ 31-03-2016 വരെ |
| വി.ഇ.ഒ | മഞ്ജുഷ.ടി | 01-04-2015മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | സുബൈദ.പി.ടി | 01-04-2015മുതൽ 13-10-2015 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | സന്ധ്യ.കെ | 14-10-2015മുതൽ 31-03-2016 വരെ |
| ഹെഡ് മാസ്റ്റർ | സി.കെ.വാസുദേവൻ | 01-04-2015മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.വിജിത | 01-04-2015മുതൽ 31-03-2016 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ടി.കെ.ലീന | 01-04-2015മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.മുകുന്ദവർമ്മ | 01-04-2015മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | ഷെർളി.പി | 01-04-2015മുതൽ 31-03-2016 വരെ |
| അസി.എഞ്ചിനീയർ | അജി.കെ | 01-04-2015മുതൽ 09-07-2015 വരെ |
| അസി.എഞ്ചിനീയർ | സ്മിത.ബി.എസ് | 07-08-2015മുതൽ 31-03-2016 വരെ |
| ആയുർവേദ മെഡിക്കൽ ഓഫീസർ | ഡോ.സിന്നിഷ്.പി | 01-04-2015മുതൽ 31-03-2016 വരെ |

ഉള്ളടക്കം

ഭാഗം 1

പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

## ഭാഗം 1

### പൊതു അവലോകനം

### 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | -- ( പുതുക്കിയത്) |
|---|---|
| 25/15 തിയ്യതി.13-03-2015 | 33/16 തിയ്യതി.01-03-2016 |

### 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 14-07-2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 119,77,369 |
| വരവ് | 285,10,708 |
| ആകെ | 404,88,077 |
| ചെലവ് | 345,78,669 |
| നീക്കിബാക്കി | 59,09,408 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി (ACR പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 583000 | 7910639 | 8493639 | 6354527 | 2139112 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | -- | 2351000 | 2351000 | 2053024 | 297976 |
| വികസനഫണ്ട്(ടി.എസ്.പി) | -- | -- | -- | -- | -- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1517617 | 5341000 | 6858617 | 6328844 | 529773 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 74825 | 2320000 | 2394825 | 1809097 | 585728 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 590174 | 2641269 | 3231443 | 3179752 | 51691 |
| ലോക ബാങ്ക് സഹായം | 1865000 | --- | 1865000 | 1865000 | --- |

മേൽ പരാമർശിച്ച കണക്കുകൾ '0' നീക്കിയിരിപ്പായി ക്രമീകരിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 114 | 92 | 8 | 14 | 80.70 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെ ലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 5 | 5 | 14,55,400 | 11,39,400 | 78.28 |
| മെഡിക്കൽ ഓഫീസർ(പി.എച്.സി) | 1 | 1 | 2,66,400 | 2,65,905 | 99.81 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 3,00,000 | 3,00,000 | 100 |
| വി.ഇ.ഒ 1 | 6 | 6 | 30,65,855 | 14,76,182 | 48.14 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 17,05,255 | 16,72,613 | 98.08 |
| സെക്രട്ടറി | 22 | 20 | 28,74,755 | 26,63,566 | 92.65 |
| വി.ഇ.ഒ2 | 5 | 5 | 18,45,702 | 17,10,702 | 92.68 |
| അസി.എഞ്ചിനീയർ | 62 | 50 | 169,13,169 | 117,48,889 | 69.46 |
| ഹെഡ് മാസ്റ്റർ | 1 | 1 | 4,00,000 | 4,00,000 | 100 |
| ഡയറിഫാം ഇൻസ് പെക്ടർ | 1 | 1 | 3,00,000 | 3,00,000 | 100 |
| അസി.സെക്രട്ടറി | 5 | 5 | 14,97,248 | 12,97,200 | 86.63 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1176377 | 1027240 | (-)149137 | -12.67 |
| നികുതിയേതര വരവുകൾ | 152959 | 161060 | (+)8101 | +5.29 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | -- | -- | -- | -- |
| ആകെ | 1329336 | 1188300 | -141036 | -10.61 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 20 | 20 | 2 | -- |
| 2 | തൊഴിൽ രഹിത വേതനം | 15 | 15 | 3 | --- |
| 3 | വിധവാ പെൻഷൻ | 31 | 31 | 1 | --- |
| 4 | വികലാംഗ പെൻഷൻ | 8 | 8 | 2 | ---- |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | --- | ---- |
| 6 | വാർദ്ധക്യകാല പെൻഷൻ | 454 | 454 | 75 | --- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11-08-2016 മുതൽ 12-08-2016 വരെ | 2016 ജൂൺ,ജൂലൈ | റിപ്പോർട്ട് ലഭിച്ചിട്ടില്ല | ---- |
| 2 | അക്കൗണ്ടൻറ് ജനറലിൻറ ഓഡിറ്റ് | 28-05-2010 മുതൽ 09-06-2010വരെ | 2005-06 മുതൽ 2009-10വരെ | 15-07-2010 | --- |

## 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകളിൽ പരാമർശിച്ച താഴെ പറയുന്നവ പരിഹരിച്ചിട്ടില്ല.

1) സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയ്യതി വരെ സൃഷ്ടിച്ച മുഴുവൻ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ ഐ.ടി,വാറ്റ്,ക്ഷേമനിധി എന്നിവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

കായണ്ണ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിനായി അയച്ചു തന്ന 2015-16 വാർഷിക കണക്കുകൾ അനുബന്ധ രേഖകളുമായി പരിശോധിച്ചതിൽ തൊഴിലുറപ്പ് പദ്ധതി,സാക്ഷരതാ മിഷൻ,സമ്പൂർണ ശുചിത്വ മിഷൻ,ഓഡിറ്റ് റിക്കവറി എന്നിവയിലെ വരവുകളിൽ വ്യത്യാസം കാണുന്നു.വിശദാംശം ചുവടെ.

തൊഴിലുറപ്പ് പദ്ധതി

| | യഥാർത്ഥ കണക്ക് | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 26286 | 0 |
| ഇ.എഫ്.എം.എസ് വരവ് | 25538166 | 26324909 |
| മിസ് ലേനിയസ് വരവ് | 1080 | 0 |
| ആകെ | 25565532 | 26324909 |
| റീഫണ്ട് | 26286 | 0 |
| ചെലവ് | 25536966 | 26322629 |
| നീക്കിയിരിപ്പ് | 2280 | 2280 |

സാക്ഷരതാ മിഷൻ

| ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വരവ് | വാർഷിക കണക്ക് പ്രകാരം വരവ് |
|---|---|
| 65160 | 42840 |

സമ്പൂർണ ശുചിത്വ മിഷൻ

| ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം വരവ് | വാർഷിക കണക്ക് പ്രകാരം വരവ് |
|---|---|
| 1188177 | 1652500 |

ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം വരവ് | വാർഷിക കണക്ക് പ്രകാരം വരവ് |
|---|---|
| 3538 | 1250 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗവ. ഉത്തരവിൽ അനുവദിച്ച നിരക്കിലും ഉയർന്ന നിരക്കിൽ സിഡ്കോയിൽ നിന്നും ഫർണിച്ചറുകൾ വാങ്ങി

പ്രോജക്ട് നം :115/16 ഘടക സ്ഥാപനങ്ങൾക്ക് യുപിഎസ് പ്രിന്റർ ഫർണിച്ചറുകൾ എന്നിവ വാങ്ങൽ

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : 439 തനതു ഫണ്ട്

65000 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

65439

ചെലവ് : 65000 ബിൽ നം. 47/15-16 28.3.16

മേൽ പ്രോജക്ട് പ്രകാരം ഘടക സ്ഥാപനങ്ങൾക്ക് വേണ്ടി യുപിഎസ് പ്രിന്റർ, ഫർണിച്ചറുകൾ എന്നിവ വാങ്ങാനാണ് ലക്ഷ്യമിട്ടത്. ആയതിൽ യുപിഎസ്, പ്രിന്റർ എന്നിവ കെൽട്രോണിൽ നിന്നും ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നുമാണ് വാങ്ങിയത്.

സിഡ്കോയിൽ നിന്നും ആശുപത്രിയിലേക്കുള്ള പരിശോധനാമേശ, 4 തട്ടുകളുള്ള കാബിനറ്റ് എന്നിവ ഓരോന്നു വീതവും 3 സീറ്റുകളോടു കൂടിയ സന്ദർശക കസേരസെറ്റുകൾ 5 എണ്ണവും ആണ് വാങ്ങിയത്. സർക്കാർ ഉത്തരവുകൾ വഴി സിഡ്കോയിൽ നിന്നും സ്റ്റോർ പർചേസ് മാനദണ്ഡങ്ങളിൽ ഇളവു നൽകി നേരിട്ട് വാങ്ങാവുന്ന ഇനങ്ങളുടെ വിലയും സ്പെസിഫിക്കേഷനും നിശ്ചയിച്ചിട്ടുണ്ട്. (ജിഒ (ആർടി)65/13/spd 23.11.13, 74/14/spd/19.12.14, 72/14/spd 18.12.14 ഇടങ്ങിയവ) എന്നാൽ മേൽ വാങ്ങലുകൾ നടത്തിയപ്പോൾ സർക്കാർ ഉത്തരവുകളിൽ നിശ്ചയിച്ച വിലയിൽ അധികം നൽകിയതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം/ | സർക്കാർ നിരക്ക് | | | വാങ്ങിയ നിരക്ക് | | | കൂടുതൽ | | |
|---|---|---|---|---|---|---|---|---|---|
| സ്പെസിഫിക്കേഷൻ | തുക | വാറ്റ് | ആകെ | തുക | വാറ്റ് | ആകെ | തുക | വാറ്റ് | ആകെ |
| സ്റ്റീൽ കാബിനറ്റ് 4 തട്ടുകളുള്ളത് 198x90x48 20g | 7470 | 1083 | 8553 | 9399 | 1363 | 10762 | 1929 | 280 | 2209 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| vat 14.5% | | | | | | | | | |
| പരിശോധനാമേശ<br>4 x 2.5 feet<br>vat 5% | 5212 | 261 | 5473 | 10250 | 513 | 10763 | 5038 | 250 | 5290 |
| ആകെ കൂടുതൽ | | | | | | | | | 7499 |

ആകെ 7499/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ 3 സീറ്റുള്ള സന്ദർശക കസേരസെറ്റുകൾ സിഡ്കോയിൽ നിന്നും നേരിട്ടു വാങ്ങുന്ന (സ്റ്റാൻഡാർഡൈസ്ഡ്) ഇനങ്ങളിൽപ്പെടാത്തവയാണ്. ആയതിനായി 30067 രൂപ ചെലവഴിച്ചിട്ടുണ്ട് (4 സെറ്റിന്റെ വില 14.5% വാറ്റ് അടക്കം) ഇത്തരത്തിലുള്ള നോൺ സ്റ്റാൻഡാർഡൈസ്ഡ് ഇനങ്ങൾ വാങ്ങുമ്പോൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങേണ്ടതായിരുന്നു. ആയത് ചെയ്തിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. അധികം നൽകിയ 7499/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കാതെ ചെയ്ത 30067 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 വിശദമായ എസ്റ്റിമേറ്റും സാങ്കേതികാനുമതിയും ഹാജരാക്കാതെ വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നു. പ്രവൃത്തി വൈകിയാലുള്ള നടപടി കരാറിൽ ഉൾപ്പെടുത്തുന്നില്ല.

പ്രോജക്ട് :86/15-16 രാജീവ് ദശലക്ഷം കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻനീട്ടൽ

നിർവ്വഹണം :സെക്രട്ടറി, അടങ്കൽ :100000 വികസന ഫണ്ട്

എഗ്രിമെന്റ് :18/3.3.16 ചെലവ് :100000 19/15-16 തിയ്യതി 29.1.16

പ്രോജക്ട് :81/16 പൂവത്താംകുന്ന് കള്ളംകൊത്തിപ്പാറ പൈപ്പ് ലൈൻനീട്ടൽ

നിർവ്വഹണം :സെക്രട്ടറി അടങ്കൽ :70000 വികസന ഫണ്ട്

എഗ്രിമെന്റ് :17/3.3.16 ചെലവ് :70000 20/15-16 തിയ്യതി 29.1.16

മേൽ രണ്ടു പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ 170000/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റിന്റെ സംഗ്രഹം മാത്രമാണ് വാട്ടർ അതോറിറ്റി പഞ്ചായത്തിന് ലഭ്യമാക്കിയത്. സാങ്കേതികാനുമതി ലഭിച്ചതിന്റെ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പ്രോജക്ടുകൾക്കായി വച്ച കരാറിൽ പദ്ധതി പൂർത്തീകരണം വൈകിയാലും അധിക ചെലവുണ്ടായാലുമുള്ള നടപടികൾ ഉടമ്പടിയായി എഴുതിച്ചേർത്തിട്ടില്ല. പണമടവാക്കി 9 മാസത്തോളമായെങ്കിലും പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ചോ അടവാക്കിയ പണത്തിന്റെ വിനിയോഗത്തെക്കുറിച്ചോ ഉള്ള ഒരു വിവരവും ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. ചെലവു തുക തടസ്സപ്പെടുത്തുന്നു

## 3-3 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

അസി.എഞ്ചിനീയർ നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധനാ വിധേയമാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. അംഗീകരിക്കുന്ന കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല. ഫയലിൽ പകർപ്പ് ലഭ്യമല്ല
2. പ്രവൃത്തി പൂർത്തിയാക്കേണ്ട തിയ്യതി/പൂർത്തീകരണ കാലാവധി കരാറിൽ ഉടമ്പടിയായി എഴുതുന്നില്ല.
3. കരാർ വയ്ക്കുന്ന കരാറുകാരന് സൈറ്റ് കൈമാറിയതിനുള്ള രേഖയില്ല.
4. വാറ്റ് കോമ്പൗണ്ട് ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കാതെ കോമ്പൗണ്ട് ചെയ്താലുള്ള നിരക്കായ 4% ആണ് കരാറുകാരിൽ നിന്നും ഈടാക്കുന്നത്.
5. കൺവീനർമാർ നടത്തുന്ന ടാറിംഗ് പ്രവൃത്തികൾക്ക് ടാർ വാങ്ങിയതിന് ടാറിന്റെ ബിൽ കോപ്പി ഫയലിൽ വയ്ക്കുന്നില്ല.
6. റോഡ് പ്രവൃത്തികൾ ചെയ്യുമ്പോൾ ഭാഗിക പ്രവൃത്തികൾക്ക് പ്രോജക്ട് വയ്ക്കുന്നു. ഉദാ. ചന്ദനത്തിൽ റോഡ് പ്രോജക്ട് നം.81/16(നിലവിലുള്ള മൺ റോഡിന്റെ ഇരുവശത്തും കരിങ്കൽ കെട്ടി മണ്ണും ക്വാറിമക്കും നിറയ്ക്കുന്ന പ്രവൃത്തി മാത്രമാണ് ചെയ്തത്.)

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

## 3-4 ഇടവിളകൃഷി വികസനം : സബ്സിഡി തുക ഗുണഭോക്താക്കളിൽ നിന്നും പിരിച്ചതിന് രശീത് നൽകിയില്ല.

ഓഡിറ്റ് വർഷത്തിൽ കൃഷിഓഫീസർ രണ്ട് പ്രോജക്ടുകളിലായി ഇടവിളകൃഷിക്ക് സബ്സിഡി നൽകിയതിന്റെ പ്രോജക്ട് വിശദാംശങ്ങൾ താഴെ ക്കൊടുക്കുന്നു.

| പ്രോജക്ട് :ഇടവിളകൃഷി വികസനം (പൊതുവിഭാഗം) | പ്രോജക്ട് :ഇടവിളകൃഷി വികസനം (എസ് സ്സി) |
|---|---|
| പ്രോജക്ട് നമ്പർ 15 | പ്രോജക്ട് നമ്പർ 20 |
| അടങ്കൽ : 600000 | അടങ്കൽ :70400 |
| ഫണ്ട് : പൊതുവിഭാഗം | ഫണ്ട് : എസ്.സി.പി |
| ചെലവ് : 450000(ബിൽ നം 3/30-3-16) | ചെലവ് : 52800(ബിൽ നം 4/30-3-16) |

രേഖകളുടെ പരിശോധനയിൽ താഴെ പ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നമ്പർ 15 ൽ 1470 ഗുണഭോക്താക്കൾക്ക് 6000കി ഗ്രാം ഇഞ്ചി വിത്ത്, 6100 കി.ഗ്രാം ചേനവിത്ത്, 6000 കി.ഗ്രാം മഞ്ഞൾ വിത്ത് എന്നിവയും, പ്രോജക്ട് നമ്പർ 20 ൽ 176ഗുണഭോക്താക്കൾക്ക് 710കി.ഗ്രാം ഇഞ്ചി വിത്ത്, 710 കി.ഗ്രാം ചേനവിത്ത്,710 കി.ഗ്രാം മഞ്ഞൾ വിത്ത് എന്നിവയും, നൽകിയിട്ടുണ്ട്. ഓരോ ഗുണഭോക്താവും സ്ഥാപനത്തിൽ ഗുണഭോക്തൃവിഹിതം വ്യക്തിഗതമായി അടച്ച് രശീത് നല്കുന്നതിന് പകരം വാർഡ് മെമ്പർമാർ തുക അടച്ചതായാണ് കാണുന്നത്.തുക അടച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് മെമ്പർ/വാർഡ്<br>പ്രോജക്ട് നമ്പർ 15 | ഗുണഭോക്താക്കളുടെ എണ്ണം | അടച്ച തുക | രശീതി നമ്പർ/തിയ്യതി |
|---|---|---|---|
| അസ്സൈനാർ/1 | 122 | 12200 | 4668/98/24-3-16 |
| രമേശൻ/4 | 142 | 14200 | 34608/1/24-3-16 |
| സത്യൻ.വി.ആർ./5 | 89 | 8900 | 34608/2/24-3-16 |
| മേരി ടീച്ചർ/6 | 59 | 5900 | 34608/3/24-3-16 |
| ബീനപ്രഭ/7 | 144 | 14400 | 34608/4/24-3-16 |
| ബിന്ധു/8 | 83 | 8300 | 34608/5/24-3-16 |

| | | | |
|---|---|---|---|
| രാമചന്ദ്രൻ.എ.എം/9 | 119 | 11900 | 34608/6/24-3-16 |
| ഷീന.കെ.പി./10 | 110 | 11000 | 34608/7/24-3-16 |
| സജീവൻ.പി.പി./11 | 110 | 11000 | 34608/8/24-3-16 |
| പത്മജ.എൻ/12 | 126 | 12600 | 34608/9/24-3-16 |
| ബോബൻ.യു.വി/13 | 126 | 12600 | 34608/10/24-3-16 |
| സുലൈഖ/2 | 126 | 12600 | 4668/99/24-3-16 |
| ഷിനി/3 | 144 | 14400 | 4668/100/24-3-16 |
| | ആകെ | 150000/- | |

ഓഡിറ്റ് വർഷത്തിൽ മേൽ ഗുണഭോക്തൃവിഹിതവും പദ്ധതി വിഹിതമായ 450000/- രൂപയും (ഡി.ഡി.നം 253543/5.4.16) ചേർത്ത് 600000/- രൂപ കല്ല്യാണി അഗ്രോവിന് നൽകി.എന്നാൽ ഗുണഭോക്താക്കൾ നേരിട്ട് സ്ഥാപനത്തിൽ ഗുണഭോക്തൃ വിഹിതം അടക്കാത്തതിനാൽ ഇടവിളകൃഷി നടീൽ വസ്തുക്കൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിച്ചുവോ എന്ന വിവരം ലഭ്യമല്ല. ഗുണഭോക്താക്കൾ നടീൽ വസ്തുക്കൾ കൈപ്പറ്റിയതിന്റെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2.പ്രോജക്ട് നമ്പർ 20 പ്രകാരം അടച്ച ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് മെമ്പർ/വാർഡ് പ്രോജക്ട് നമ്പർ 15 | ഗുണഭോക്താക്കളുടെ എണ്ണം | അടച്ച തുക | രശീതി നമ്പർ/തിയ്യതി |
|---|---|---|---|
| അസ്സൈനാർ/1 | 2 | 200 | 34608/11/24-3-16 |
| രമേശൻ/4 | 10 | 1000 | 34608/1/24-3-16 |
| സത്യൻ.വി.ആർ./5 | 18 | 1800 | 34608/15/24-3-16 |
| ഷിനി/3 | 32 | 3200 | 34608/13/24-3-16 |
| ബീനപ്രഭ/7 | 24 | 2400 | 34608/16/24-3-16 |
| ബിന്ദു/8 | 28 | 2800 | 34608/17/24-3-16 |
| രാമചന്ദ്രൻ.എ.എം/9 | 7 | 700 | 34608/18/24-3-16 |
| ഷീന.കെ.പി./10 | 10 | 1000 | 34608/19/24-3-16 |
| സുലൈഖ./2 | 5 | 500 | 34608/12/24-3-16 |
| പത്മജ.എൻ/12 | 7 | 700 | 34608/21/24-3-16 |
| ബോബൻ.യു.വി/13 | 24 | 2400 | 34608/22/24-3-16 |
| സജീവൻ.കെ.പി./11 | 9 | 900 | 34608/20/24-3-16 |
| | ആകെ | 17600 | |

ഓഡിറ്റ് വർഷത്തിൽ മേൽ ഗുണഭോക്തൃവിഹിതവും പദ്ധതി വിഹിതമായ 52800/- രൂപയും (ബിൽ നം 4/30.3.16) ചേർത്ത് 70400/- രൂപ കല്ല്യാണി അഗ്രോവിന് നൽകി.എന്നാൽ ഗുണഭോക്താക്കൾ നേരിട്ട് സ്ഥാപനത്തിൽ ഗുണഭോക്തൃ വിഹിതം അടക്കാത്തതിനാൽ ഇടവിളകൃഷി നടീൽ വസ്തുക്കൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിച്ചുവോ എന്ന വിവരം ലഭ്യമല്ല. ഗുണഭോക്താക്കൾ നടീൽ വസ്തുക്കൾ കൈപ്പറ്റിയതിന്റെ രജിസ്ററർ സൂക്ഷിച്ചിട്ടില്ല. കൃഷിഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതികമായ ഇത്തരം പ്രശ്നങ്ങളിൽ പെട്ട പദ്ധതി നടപ്പാകാത്ത സ്ഥിതി ഉണ്ടാവാതിരിക്കുവാനാണ്, ഇത്തരത്തിൽ ഗുണഭോക്താക്കളിൽ നിന്നും തുക കളക്ട് ചെയ്തതെന്ന മറുപടി അംഗീകരിക്കാനാവില്ല. കൂടാതെ ഗുണഭോക്താക്കൾ നടീൽ വസ്തുക്കൾ കൈപ്പറ്റിയില്ല എന്ന പരാമർശത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-5 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി: കർഷകർ വിള ഇൻഷൂർ ചെയ്തതായി രേഖയില്ല.

പ്രോജക്ട് : നെൽകൃഷി കൂലിച്ചെലവ് സബ്സിഡി

പ്രോജക്ട് നം : 14/15-16

അടങ്കൽ :157500/-

ഫണ്ട് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് : 157500/-(ബിൽ നം. 1/16-2-16)

കൃഷിഓഫീസർ നിർവ്വഹണഉദ്യോഗസ്ഥയായി ഓഡിറ്റ് വർഷം 35 ഹെക്ടറിൽ(8750 സെന്റ്) കൃഷി ചെയ്ത 143 കർഷകർക്ക് നെൽകൃഷി കൂലിച്ചെലവ് സബ്സിഡിയായി 157500 രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ജി.ഒ 362/2013 തസ്വഭവ തി 16-11-2013 ഖ 5 പ്രകാരം കർഷകർ വിള ഇൻഷൂർ ചെയ്യണം.ഗ്രാമപഞ്ചായത്ത് പരിധിയിൽ നാല് പാടശേഖരസമിതികൾ താഴെ പ്പറയും പ്രകാരം വിള ഇൻഷ്വറൻസ് അടച്ചതായി കാണുന്നു.

| പാടശേഖരസമിതി | പ്രീമിയം തുക |
|---|---|
| കവിലിശ്ശേരി പാടശേഖരസമിതി | 800 |
| പുത്തരിക്കണ്ടം പാടശേഖരസമിതി | 1200 |
| പുളിഞ്ഞോളി പാടശേഖരസമിതി | 1000 |
| ചെറുകാട് പാടശേഖരസമിതി | 500 |

എന്നാൽ പാടശേഖരസമിതികളിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരവും,സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കൾ പാടശേഖരസമിതികളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും രേഖപ്പെടുത്തിയിട്ടില്ല. റാൻഡം സാമ്പ്ളിങ്ങിന്റെ ഭാഗമായി ക്രമനമ്പർ 1,2 പേരുകാരായ ഗിരീഷ് കമാർ,സുനിൽകമാർ.കെ.എന്നിവരുടെ അപേക്ഷ പരിശോധിച്ചതിൽ ഇവർ മേൽ പാടശേഖരസമിതിയിൽ അംഗമാണെന്ന വിവരം ലഭ്യമല്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി നൽകിയതിന് വിശദീകരണം നല്കേണ്ടതാണ് എന്ന അന്വേഷണക്കുറിപ്പിന് മറുപടി യിൽ മേൽ ഗുണഭോക്താക്കൾ നേരിട്ട് ഗുണഭോക്തൃവിഹിതം അടച്ചതായുള്ള രേഖയില്ല. അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-6 ടെണ്ടർ നടപടി കൂടാതെ സിഡ്കോവിൽ നിന്ന് മെറിഗോ റൗണ്ട് വാങ്ങി

പ്രോജക്ട് : മെറിഗോ റൗണ്ട് വാങ്ങൽ

പ്രോജക്ട് നം: 41/15-16(സ്പിൽ ഓവർ),74/15-16

അടങ്കൽ : 90000

ഫണ്ട് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് : 90000/-(ബിൽ നം. 3/11-11-15 /60000,ബിൽ നം 4/11-11-15/30000/-)

ഓഡിറ്റ് വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണഉദ്യോഗസ്ഥയായി നടപ്പാക്കിയ 3 അങ്കണവാടികൾക്കായി 3 മെറിഗോ റൗണ്ട് വാങ്ങൽ പ്രോജക്ടിൽ താഴെ പ്പറയും പ്രകാരമുള്ള അപാകത കാണുന്നു. പ്രസ്തുത മെറിഗോ റൗണ്ടുകൾ വാങ്ങുവാൻ സിഡ്കോവിന് 90000/- രൂപ (ഡി ഡി നം 581446/13-12-2015,)നല്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോവിൽ നിന്ന് വാങ്ങുവാൻ സാധിക്കുന്നത് സ്റ്റീൽ ഫർണ്ണീച്ചർ, മരഫർണ്ണീച്ചർ എന്നിവയാണ്.

സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്ത മെറിഗോ റൗണ്ടുകൾ ടെണ്ടർ നടപടി കൂടാതെ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്ന അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-7 മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക നൽകി

ഓഡിറ്റ് വർഷത്തിൽ 10440 പേജുള്ള വോട്ടേഴ്സ് ലിസ്റ്റ് ഫോട്ടോകോപ്പി എടുക്കുവാൻ 1രൂപ പ്രകാരം 10440 രൂപ വൗച്ചർ നമ്പർ 21500146/24-6-15 പ്രകാരം പ്രയാഗ ഓഫ് സെറ്റ് പ്രിന്റേഴ്സിന് തനതു ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്.(ബിൽ നം 1358/17-6-15).ജി.ഒ.(പി)259/2010/തസ്വഭവ 8-11-2010 പ്രകാരം 5000 ന് മുകളിലും 49999 വരെയുള്ള ചെലവുമായി ബന്ധപ്പെട്ട ഇനങ്ങൾക്ക് 3 ക്വട്ടേഷനുകൾ സ്വീകരിക്കുകയും ഇതിനുള്ള അറിയിപ്പ് നോട്ടീസ് ബോർഡിൽ ഇടുകയും വേണം. എന്നാൽ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട തുക നല്കിയപ്പോൾ മേൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-8 പൈപ്പ് കംമ്പോസ്റ്റ് : ഗുണഭോക്തൃ വിഹിതം വ്യക്തിഗതമായി പിരിച്ചെടുത്തിട്ടില്ല.

പ്രോജക്ട് നമ്പർ : 40/15-16

അടങ്കൽ : 720000/-

ചെലവ് : 540000/-

ഗു : വി : 45000

ഫണ്ട് :കേന്ദ്രാവിഷ്കൃത ഫണ്ട്.

നിർവ്വഹണം :വി ഇ ഒ

പ്രോജക്ട് പരിശോധനയിൽ താഴെ പ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

2015-16സാമ്പത്തിക വർഷത്തിലേക്ക് സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ 1000 ഗുണഭോക്താക്കൾക്ക് കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം പൈപ്പ് കംമ്പോസ്റ്റ് സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടു. 2014-15 സാമ്പത്തിക വർഷത്തിൽ ഇടുക്കമിട്ട പദ്ധതിയിൽ 850 പേർക്ക് പൈപ്പ് കമ്പോസ്റ്റ് നൽകിയതിന്റെ ഗുണഭോക്തൃ വിഹിതമായി അടക്കേണ്ട 90000/- രൂപയിൽ, 2014-15 സാമ്പത്തിക വർഷം 45000 രൂപയും, 2015-16 സാമ്പത്തിക വർഷം 45000 രൂപയും രശീതി നമ്പർ 15/1-3-16 പ്രകാരം ശുചിത്വ മിഷനിൽ അടക്കുകയുണ്ടായി. എന്നാൽ ഗുണഭോക്താക്കളിൽ നിന്ന് വ്യക്തിഗതമായി പ്രത്യേക രശീത് നൽകി ഗുണഭോക്തൃ വിഹിതം പിരിക്കാത്തതിനാൽ യൂണിറ്റ് സ്ഥാപിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമല്ല.

ഗുണഭോക്താക്കളിൽ നിന്നും വ്യക്തിഗതമായി രശീത് മുഖാന്തിരം ഗുണഭോക്തൃ വിഹിതം പിരിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ് എന്ന അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-9 പൊതു ടാപ്പുകളുടെ എണ്ണം പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് വർഷം വൗച്ചർ പരിശോധനയിൽ വെള്ളക്കരമിനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 68 ടാപ്പുകൾക്ക് താഴെപ്പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നം/തിയ്യതി | അടച്ച തുക |
|---|---|
| 21500035/23-4-15 | 29750 |
| 21500085/22-5-15 | 29750 |
| 21500128/17-6-15 | 29750 |
| 21500189/16-7-15 | 29750 |
| 21500267/13-8-15 | 29750 |
| 21500323/28-9-15 | 29750 |
| 21500365/16-10-15 | 29750 |
| 21500433/3--11-15 | 29750 |
| 21500484/23-12-15 | 29750 |
| 075578/29-1-16 | 29750 |
| 21500595/24-2-16 | 29750 |
| 21500595/31-3-16 | 29750 |
| ആകെ | 357000 |

എന്നാൽ വെള്ളക്കര രജിസ്റ്റർ പരിശോധനയിൽ 65 ടാപ്പുകളുടെ വിവരങ്ങൾ മാത്രമാണ് ഉള്ളത്.28-10-11 തിയ്യതിയിൽ നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ടിൽ ടാപ്പുകളുടെ എണ്ണം 64 ആണ് .2011 ൽ നടത്തിയ സംയുക്ത പരിശോധനക്കു ശേഷം പ്രവർത്തിക്കാത്ത ടാപ്പുകളുടെ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ, പുതിയതായി കൂട്ടിച്ചേർക്കപ്പെട്ട ടാപ്പുകളുടെ വിവരങ്ങൾ എന്നിവയുടെ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കിയില്ല.മുൻ വർഷ റിപ്പോർട്ടിൽ പ്രസ്തുത അപാകത സൂചിപ്പിച്ചുവെങ്കിലും നാളിതു വരെ നടപടി സ്വീകരിക്കാത്തതിനാൽ തുക തടസ്സം ചെയ്യുന്നു.

## 3-10 ഗുണഭോക്താക്കൾ നാളിതുവരെ പ്രവർത്തി പൂർത്തീകരിച്ചില്ല- (വീട് നിർമ്മാണം)

2010 വർഷത്തിൽ പ്രവർത്തി ആരംഭിച്ച് നാളിതു വരെ പ്രവർത്തി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | പ്രവർത്തി ആരംഭിച്ച തിയ്യതി | നാളിതുവരെ കൈപ്പറ്റിയ ധനസഹായം | അവസാന ഗഡു കൈപ്പറ്റിയ തിയ്യതി |
|---|---|---|---|
| ചന്ദ്രൻ,കരിമ്പാലൻ കൊല്ലി | 2-7-10 | 70000 | 21-7-10 |

| | | | |
|---|---|---|---|
| ശശിധരൻ,മങ്ങര | 2-17-10 | 67500 | 11-2-16 |
| ശാന്ത കുളിപ്പറമ്പിൽ | 26-7-10 | 67500 | 2-4-13 |
| ചന്ദ്രൻ.ടി.സി,കോരമംഗലം കുന്നമ്മൽ | 7-7-10 | 67500 | 10-11-10 |
| ബാലൻ കുന്നമ്മൽ | 10-8-10 | 67500 | 18-5-11 |
| രാജൻ ചെമ്പോട്ടുമ്മൽ | 10-8-10 | 67500 | 2-6-11 |
| രാജീവൻ ചെമ്പോട്ടുമ്മൽ | 2-8-10 | 67500 | 2-4-13 |
| ഭാർഗ്ഗവക്കുറുപ്പ്,ശാന്തിഭവൻ | 10-8-10 | 52500 | 30-9-10 |
| ഷീബ,കൈതാംപൊയിൽ | 2-8-10 | 67500 | 15-12-10 |
| ബിജു.പുത്തലത്ത് ചാലിൽ | 13-8-10 | 67500 | 2-4-13 |
| മധുസൂദനൻ,പനച്ചിത്തറമ്മൽ | 15-12-10 | 52500 | 8-7-11 |
| രാജൻ,കാപ്പുമ്മൽ | 16-8-10 | 67500 | 13-3-12 |
| ജയരാജൻ,പിലാത്തോട്ടത്തിൽ | 13-8-10 | 52500 | 27-2-10 |
| ഗണേശൻ,ചുണ്ടപ്പൊയിൽ മീത്തൽ | 10-8-10 | 67500 | 1-12-10 |
| ജാനു,കള്ളൻകുത്തി പ്പാറ | 1-1-11 | 52500 | 25-4-11 |
| നാരായണൻ,കരിമ്പാലൻകൊല്ലി | 29-9-10 | 67500 | 22-10-13 |
| കരീം,കൊച്ചുമാരി | 10-11-10 | 67500 | 25-4-11 |
| പത്മനാഭൻ നായർ,നെരോത്ത് | 8-9-10 | 67500 | 8-7-11 |
| വിജയൻ പടിക്കൽ | 22-9-10 | 67500 | 7-10-11 |
| രാജൻ,ചെറ്റക്കുഴിക്കൽ | 15-12-10 | 52500 | 25-7-11 |
| മാത,ഇരണപ്പുറത്ത് | 15-9-10 | 87500(ആശ്രയ) | 4-2-11 |
| സുരേന്ദ്രൻ,പാറച്ചാലിൽ | 22-9-10 | 52500 | 27-12-10 |
| കരുണാകരൻ,തച്ചറോത്ത് | 11-5-11 | 67500 | 24-11-14 |
| മത്തായി,എളപ്പുങ്കൽ | 25-5-11 | 52500 | 14-3-13 |
| രാഘവൻ നമ്പ്യാർ,പുതിയൊട്ടുംകുഴി | 30-3-12 | 140000(ഇ.എം.എസ്) | 11-2-16 |

പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നോട്ടീസ് അയക്കുവാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

## 3-11 തെരുവു വിളക്കുകൾക്ക് ചാർജ്ജ് നല്കൽ: രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് വർഷത്തിൽ ഒരു മാസം 5559 രൂപ വീതം തെരുവു വിളക്കുകൾക്കുള്ള ചാർജ്ജിനത്തിൽ തനതു ഫണ്ടിൽ നിന്നും നൽകുന്നുണ്ട്.എന്നാൽ തെരുവുവിളക്കുകളുടെ രജിസ്റ്ററിൽ വാർഡുകളിൽ വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിളക്കുകളുടെ ഇനം രേഖപ്പെടുത്തിയിട്ടില്ല.വൈദ്യുതി ബോർഡ് ഡിമാന്റ് നോട്ടീസ് നൽകാത്തതിനാൽ പഞ്ചായത്ത് നൽകുന്ന തുക കൃത്യമാണോ എന്ന് പരിശോധിക്കാനായിട്ടില്ല.രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി വാട്സ് ഇനത്തിൽ ചാർജ്ജ് കണക്കാക്കി ബോർഡിന് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 3-12 മെമന്റൊ നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

ഓഡിറ്റ് വർഷത്തിൽ വിവിധ മേഖലയിൽ കഴിവ് തെളിയിച്ച 13 പേർക്ക് തനതുഫണ്ടിൽ 3100 രൂപയുടെ മെമന്റോകൾ വാങ്ങി നൽകുകയുണ്ടായി.(വൗച്ചർ നമ്പർ 2150073/26-10-15)എന്നാൽ അംഗീകാരം ലഭിച്ചവർ ആരൊക്കെ, അവരുടെ പ്രവർത്തനമേഖല, തെരഞ്ഞെടുത്ത മാനദണ്ഡം എന്നിവയുടെ വിശദാംശങ്ങൾ ഫയലിൽ ഇല്ല. അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-13 എഗ്രിമന്റ് വയ്ക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ കരാറുകാർക്ക് നൽകുന്ന സെക്ഷൻ നോട്ടീസിൽ 15 ദിവസത്തിനകം കരാർ വച്ച് പ്രവൃത്തി ആരംഭിക്കണമെന്നും നിശ്ചിത തിയ്യതിക്കുള്ളിൽ കരാർ വയ്ക്കാത്ത പക്ഷം 5% പിഴ അടവാക്കി മാത്രമേ കരാർ വയ്ക്കാൻ സാധിക്കൂ എന്നും പറയുന്നുണ്ട്. എന്നാൽ സമയ പരിധി കഴിഞ്ഞും പിഴ ഈടാക്കാതെയാണ് കരാർ വച്ചിട്ടുള്ളത്.

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതായിരുന്നു. 14 ദിവസം കഴിഞ്ഞ് പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | 1%<br>ഫൈൻ<br>തുക |
| 1. | രാജീവ് ഗാന്ധി സേവാഘർ വൈദ്യുതീകരണം 79/16 അടങ്കൽ 175000<br>ചെലവ് 169877 ബിൽ 51/15-16 31.3.16 | എ2/846/15 1.2.16 | 7/15-16 26.2.16<br>പി.സതീശൻ | 169949 x 1%<br>1699 |
| 2. | പാറമുത്തു അംഗൻവാടി വൈദ്യുതീകരണം 87/16 അടങ്കൽ<br>ചെലവ് 41489/- 43/15-16/28.3.16 | എ2/846/15 1.2.16 | 5/15-16 25.2.15<br>ശ്രീജിത്ത്.എം | 44009 x1%<br>440/- |
| 3. | സഹൃദയ വായനശാല വൈദ്യുതീകരണം 83/16 അടങ്കൽ 42000 വികസന ഫണ്ട്<br>ചെലവ് 38883 | എ2/846/15 1.2.16 | 6/15-16 25.2.15<br>ശ്രീജിത്ത്.എം | 41785 x 1%<br>418/- |
| | | | | 2557 |

പിഴ ഇനത്തിൽ ചുമത്താൻ വിട്ടു പോയ 2557/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്

## 3-14 എസ് എസ് എ : വിശദമായ വിനിയോഗവിവരം ലഭിക്കുന്നില്ല

ഓഡിറ്റ് വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.എസ് എക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ പ്രോജക്ടിന് (പ്രോജക്ട് നമ്പർ 10/2015-16) 400000 രൂപ ഡി ഡി നം 581750/5-1-2016 പ്രകാരം നല്കിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരമുള്ള വിശദമായ വിനിയോഗവിവരം എസ്. എസ്. എയിൽ നിന്ന് വാങ്ങാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 3-15 ഐ.എ.വൈ, എസ്.സി വിഹിതം അടവാക്കൽ വിശദമായ വിനിയോഗ വിവരവും ഔദ്യോഗിക രശീതുമില്ല

പ്രോജക്ട് 5/16 : ഐ. എ. വൈ വിഹിതം അടവാക്കൽ

അടങ്കൽ : 360000/- വികസന ഫണ്ട് (എസ്. സി. പി)

നിർവ്വഹണം : അസി സെക്രട്ടറി

ചെലവ് : 360000/- 6/15-16 13.1.16

ഐ .എ .വൈ വിഹിതമായി(എസ് സി പി) 3,60,000 രൂപ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക രശീത് ലഭ്യമാക്കിയിട്ടില്ല. വിശദമായ വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 3,60,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 മീഡിയാശ്രീക്ക് തുക നൽകി - തുക പിൻവലിച്ച് ദിവസങ്ങളോളം കയ്യിൽ സൂക്ഷിച്ചു. വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് :85/16 മീഡിയാശ്രീക്ക് തുക നല്കൽ

അടങ്കൽ :65000/- വികസനഫണ്ട് (ജനറൽ)

നിർവ്വഹണം : സെക്രട്ടറി

ചെലവ് : 65000/- ബിൽ നം. 15/15-16 തിയ്യതി 6.1.16

പഞ്ചായത്തുകളുടെ ലഘു ചരിത്രം തയ്യാറാക്കുന്നതിനായി കുടുംബശ്രീയുടെ കീഴിലുള്ള മീഡിയാശ്രീ നടപ്പാക്കുന്ന പദ്ധതിയിൽ ചേരുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ആയതിനായി വികസനഫണ്ടിൽ നിന്നും 65000/- രൂപ പിൻവലിച്ച് കുടുംബശ്രീയുടെ ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് 29.1.16 ന് കൈമാറിയിട്ടുണ്ട്. (ഡി.ഡി.നം.582208/22.1.16) ട്രഷറി ബിൽ ബുക്ക് പ്രകാരം 6.1.16 നാണ് തുക പിൻവലിക്കുന്നത്. വികസനഫണ്ടിൽ നിന്നും തുക പിൻവലിച്ച് 16 ദിവസത്തോളം കയ്യിൽ സൂക്ഷിച്ചതിനു ശേഷമാണ് കൈമാറിയതെന്നു കാണുന്നു.

തുക ലഭിച്ചതിന് കുടുംബശ്രീയുടെ ഔദ്യോഗിക രശീത് ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിനുള്ള വിവരവും തുക ചെലവഴിച്ച് നിർമ്മിച്ച് ലഘു ചരിത്രവും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവു തുക 65000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി തുകയടവാക്കി വിനിയോഗ വിവരമില്ല

പ്രോജക്ട് :114/15 തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി

അടങ്കൽ : 200000 വികസന ഫണ്ട്

നിർവ്വഹണം : സെക്രട്ടറി

ചെലവ് : 200000 31/15-16

പഞ്ചായത്ത് പ്രദേശത്തെ തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ജില്ലാ തലത്തിൽ നടപ്പാക്കുന്ന പദ്ധതിക്കായി പഞ്ചായത്ത് വിഹിതമായി 200000 രൂപ പിൻവലിച്ച് ഡിഡി നം 253412/30.3.16 ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അടവാക്കിയിട്ടുണ്ട്. ആയതിന് ജില്ലാ പഞ്ചായത്തിന്റെ ഔദ്യോഗിക രശീതിയോ തുക ഫലപ്രദമായി വിനിയോഗിച്ചതിനുള്ള സാക്ഷ്യ പത്രമോ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് മേൽ പ്രോജക്ടിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവലോകനവും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പേരാമ്പ്ര ബ്ളോക്ക് പഞ്ചായത്ത് | 110000 | ഇ.എം.എസ്.ഭവന പദ്ധതി | 10000 | 100000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കേരള വാട്ടർ അതൊറിറ്റി | പൂവത്താം കന്ന് കള്ളം കൊത്തിപ്പാറ 81/15-16 | 20/15-16/19-02-2016 | 70000 | --- | --- | 70000 |
| കേരള വാട്ടർ അതൊറിറ്റി | രാജീവ് ദശലക്ഷം കോളനി കടിവെള്ള പദ്ധതി 86/15-16 | 19/15-16/19-02-2016 | 100000 | --- | --- | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

തൻവർഷം ലഭ്യമായത് – ഇല്ല

## 4-4(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്.ഭവന പദ്ധതി | സ.ഉ.646/2010 /ത.സ്വ.ഭ.വ തി.25-02-2010 | 8775000 | 4199170 | 877500 | -- | 3321670 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | --- |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| ഇ.എം.എസ്.സഹകരണ ആശുപത്രി ഷെയർ | 10000 | 1428/9-09-200 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 3538 രൂപ ഈടാക്കിയിട്ടുണ്ട്

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഔദ്യോഗിക പേരും | രശീതി നമ്പർ,തിയ്യതി |
|---|---|---|---|---|---|
| 1 | 2003-04 | 3-8 | 988 | ഗോപാലൻ കോമത്ത് കോൺട്രാക്ടർ | 11501100231/15-07-2015 |
| 2 | 2011-12 & 2012-13 | 3-20 | 600 | എ.എം.രാമചന്ദ്രൻ പ്രസിഡൻറ് | 0033/20-04-2015 |
| 3 | 2011-12 & 2012-13 | 3-20 | 600 | എ.സി.സതി വൈസ് പ്രസിഡൻറ് | 0034/20-04-2015 |
| 4 | 2011-12 & 2012-13 | 3-20 | 600 | കെ.കെ.നാരായണൻ വികസന സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | 0035/20-04-2015 |
| 5 | 2011-12 & 2012-13 | 3-20 | 750 | എം.ഋഷികേശൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | 0036/20-04-2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28510708 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34578669 |
| വരവിനങ്ങളിലുള്ള നഷ്ടം | 2557 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7499 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2715907 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7499 | ശ്രീ.ആനന്ദൻ.ടി.ടി.,സെക്രട്ടറി |
| 3-13 | 2557 | ശ്രീ.ആനന്ദൻ.ടി.ടി.,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30067 | ശ്രീ.ആനന്ദൻ.ടി.ടി,സെക്രട്ടറി |
| 3-2 | 17000 | ശ്രീ.ആനന്ദൻ.ടി.ടി,സെക്രട്ടറി |
| 3-4 | 502800 | ശ്രീമതി.ഷെൽജ.പി<br>കൃഷി ഓഫീസർ |
| 3-5 | 157500 | ശ്രീമതി.ഷെൽജ.പി<br>കൃഷി ഓഫീസർ |
| 3-6 | 90000 | ശ്രീമതി.സന്ധ്യ.കെ<br>ഐസിഡിഎസ് സൂപ്പർവൈസർ |
| 3-7 | 10440 | ശ്രീ.നാരായണൻ.പി. സെക്രട്ടറി |
| 3-8 | 540000 | ശ്രീമതി.മഞ്ജുഷ.ടിഎൽ വി ഇ ഒ |
| 3-9 | 357000 | ശ്രീ.നാരായണൻ.പി, 119000,ആനന്ദൻ.ടി.ടി 238000 സെക്രട്ടറി |
| 3-12 | 3100 | ശ്രീ.ആനന്ദൻ.ടി.ടി സെക്രട്ടറി |
| 3-14 | 400000 | ശ്രീ.സി.കെ,വാസുദേവൻ. ഹെഡ്മാസ്റ്റർ |
| 3-15 | 360000 | ശ്രീ.പി.ടി.സുനിൽകമാർഅസി സെക്രട്ടറി |
| 3-16 | 65000 | ശ്രീ.ആനന്ദൻ.ടി.ടി. സെക്രട്ടറി |
| 3-17 | 200000 | ശ്രീ.ആനന്ദൻ.ടി.ടി. സെക്രട്ടറി |
| ആകെ | 2715907/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആനന്ദൻ.ടി.ടി.സെക്രട്ടറി | സെക്രട്ടറി കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് | തെക്കേ തോട്ടോളി വീട്, ബാലുശ്ശേരി.പി.ഒ, കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈവകുപ്പിൽനിന്നുംപുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെകത്തിടപാടിൻ്റെവിവരം | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം | റിമാർക്സ് |
|---|---|---|---|
| 1993-94 | എൽ എഫ് പി 4 1505/09 തി 20-5-10 | 01 | |
| 1994-95,1995-96 | എൽ എഫ് എസ്1 747/99 തി 30-7-97 | 01 | |
| 1996-97 | എൽ എഫ് എസ്1 743/99 തി 30-3-00 | 01 | |
| 1998-99 | എൽ എഫ് കെ കെ ഡി പി4/82(1)/11 തി 29-3-11 | 04 | |

| | | | |
|---|---|---|---|
| 1999-00 | എൽ എഫ് കെ കെ ഡി പി4/82(3)/11 തി 29-3-11 | 05 | |
| 2000-01 (വരവ്) | എൽ എഫ് കെ കെ ഡി പി4/82(3)/11 തി 29-3-11 | 03 | |
| 2000-01 (പ്ലാൻ) | എൽ എഫ് കെ കെ ഡി പി4/123(1)/11 തി 29-3-11 | 02 | |
| 2001-02(വരവ്) | എൽ എഫ് കെ കെ ഡി പി4/123(2)/11 തി 29-3-11 | 07 | |
| 2002-03 | എൽ എഫ് കെ കെ ഡി പി4/123(3)/11 തി 29-3-11 | 05 | |
| 2003-04 | എൽ എഫ് കെ കെ ഡി പി4/123(4)/11 തി 29-3-11 | 08 | |
| 2004-05 | എൽ എഫ് കെ കെ ഡി പി4/123(5)/11 തി 29-3-11 | 08 | |
| 2005-06 | എൽ എഫ് കെ കെ ഡി പി4/844/11 തി 17-10-2011 | 14 | |
| 2006-07 | എൽ എഫ് കെ കെ ഡി പി4/844/11 തി 17-10-2011 | 09 | |
| 2007-08 | എൽ എഫ് കെ കെ ഡി പി4/1304/11 തി 10-11-11 | 06 | |
| 2008-09 | എൽ എഫ് കെ കെ ഡി എസ് 4/634/11 തി 13-01-12 | 09 | |
| 2009-10 | എൽ എഫ് കെ കെ ഡി പി4/780/12 | 06 | |
| 2010-11,2011-12 | എൽ എഫ് കെ കെ ഡി പി4/262/13 തി 15-11-13 | 21 | |
| 2012-13 | എൽ എഫ് കെ കെ ഡി പി4/ 1670/14 തി 13.11.14 | 13 | |
| 2013-14,2014-15 | എൽ എഫ് കെ കെ ഡി പി4/ 1386/16 | 21 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4ഉം കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഉം ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കായണ്ണ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**No.**

**KSA.KKD/P41943/2016**

Kerala State Audit Department
District Audit Office, Kozhikode
Phone 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated 02-11-2016

**AUDIT CERTIFICATE**

Certified that I have audited the Annual Financial Statement of **Kayanna** Grama Panchayat for the year ended on 31-3-2016 in **Kozhikode** District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of **Kayanna** Grama Panchayat for the year **2015-16** except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR
District Audit Office, Kozhikode.